(എഫ്) കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 3431.42 ലക്ഷം രൂപ വിവിധ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 2632.59 ലക്ഷം രൂപ 2,46,764 കർഷകർക്കായി ഇതിനകം വിതരണം ചെയ്തു.

കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കുവാൻ നടപടി

115 [402] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പ് വെള്ളം കയറാതിരിക്കുവാൻ തോട്ടപ്പള്ളി സ്പിൽവേയുടേയും, തൃക്കുന്നപ്പുഴ ചീപ്പിന്റെയും നിയന്ത്രണം കൃഷി വകുപ്പ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർത്തികപ്പള്ളി താലൂക്കിലെ ഓരു വെള്ളം കടന്നുവരുന്ന തോടുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഓരുമുട്ടുകൾ ഇടുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നടപടി നിലവിൽ ഇറിഗേഷൻ വകുപ്പും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവുമാണ് നിർവ്വഹിക്കുന്നത്. കൃഷി വകുപ്പ് ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാർത്തികപ്പള്ളി താലൂക്കിലെ ഓരുവെള്ളം കടന്നുവരുന്ന തോടുകളിൽ ഓരുമുട്ട് ഇടുന്നത് ഇറിഗേഷൻ വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളുമാണ്. കൃഷിവകുപ്പ് ഈ കാര്യങ്ങൾ ഏറ്റെടുക്കുവാൻ നടപടിക്രമമില്ല.

കർഷകർക്ക് സൗജന്യ വൈദ്യുതി

116 [410] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ് ഇലക്ട്രിസിറ്റി ബോർഡിന് നൽകുന്നതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) സൗജന്യമായി മുൻകാലങ്ങളിൽ കർഷകർക്ക് വൈദ്യുതി നൽകിയ ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിനു വൈദ്യുതി ചാർജ് നൽകാത്തതിനാൽ വൈദ്യുതി കണക്ഷനുകൾ വ്യാപകമായി വിച്ഛേദിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനു എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെൽകൃഷിക്ക് പരിധി ഇല്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെ പരിധിയിലും സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

(ബി ആന്റ് സി) ഉണ്ട്. വൈദ്യുതി ചാർജ് ഇനത്തിൽ ബോർഡിനു നൽകാനുള്ള തുക പൂർണ്ണമായും നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി ചില കർഷകരിൽനിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുടിശ്ശിക അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന കാരണത്താൽ മാത്രം കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതല്ലെന്നും എന്നാൽ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്ന കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ് ഇനത്തിൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

ചെറുകിട കർഷകർക്ക് വൈദ്യുതി സൗജന്യം

117 [411] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള ചെറുകിട കർഷകർക്ക് നൽകുന്ന വൈദ്യുതി സൗജന്യം തുടർന്നും നിലനിർത്തണമെന്ന കർഷകരുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൃഷിവകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിലെ ചെറുകിട കർഷകർ ഇതുസംബന്ധമായി നൽകിയ കൂട്ടനിവേദനം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇക്കാര്യത്തിൽ വൈദ്യുതി വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) നെൽകൃഷിക്ക് പരിധിയില്ലാതെയും കരകൃഷിക്ക് രണ്ടു ഹെക്ടർവരെ പരിധി നിശ്ചയിച്ചും കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യ പദ്ധതി ഇപ്പോഴും നിലവിലുണ്ട്. ഈ പദ്ധതി നിർത്തിവയ്ക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽനിന്നും നിവേദനം ഒന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly